ബദ്റിലോ ഹുദൈബിയയിലോ പങ്കെടുത്ത ഒരാളും നരകത്തിൽ
പ്രവേശിക്കുന്നതല്ല
ജാബിർ (رضي الله عنه) നിവേദനം: നബി (صلى الله عليه وسلم) പറഞ്ഞു: "ബദ്റിലോ ഹുദൈബിയയിലോ പങ്കെടുത്ത
ഒരാളും നരകത്തിൽ പ്രവേശിക്കുന്നതല്ല."
[صحيح] [رواه أحمد وأصله في صحيح مسلم]
ഹിജ്റ രണ്ടാം വർഷത്തിൽ നടന്ന ബദ്ർ യുദ്ധത്തിൽ തനിക്കൊപ്പം പോരാട്ടം നടത്തിയവരും,
ഹിജ്റ ആറാം വർഷത്തിൽ ഹുദൈബിയ്യഃ സന്ധിയിൽ ബയ്അതു രിദ്വാൻ ഉടമ്പടിയിൽ പങ്കെടുത്തവരും
നരകത്തിൽ പ്രവേശിക്കില്ല എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു.
https://sunnah.global/hadeeth/ml/show/11148